**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1145** **10-08-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴയിലെ കുടിവെള്ള പദ്ധതിയുടെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ ആധുനികവൽക്കരണത്തിനും വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ മുനിസിപ്പാലിറ്റിയുയിലെ 1 മുതൽ 4, 20 മുതൽ 26, 30 മുതൽ 44, 46 മുതൽ 52 വരെയുള്ള വാർഡുകളിലെയും സമീപ പഞ്ചായത്തുകളായ ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനും വേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച ഈ പദ്ധതി നിലവിൽ 9 പാക്കേജുകളായിട്ടാണ് നടപ്പാക്കി വരുന്നു. അവയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അമ്പലപ്പുഴ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ പ്രവൃത്തികളാണ് നടപ്പാക്കുന്നത്; ഇതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ? | (ബി) | 1. <u>പാക്കേജ്-2:-</u> അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ചന്ദനക്കാവ്, ചുടുകാട് ഉന്നതതല ജലസംഭരണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 04.08.2023 ൽ ആരംഭിച്ചു. ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത് M/s Noble Tech Engineering Pvt. Ltd ആണ്. 13.41 കോടി രൂപയാണ് ഇതിന്റെ നിർമ്മാണ ചെലവ് കണക്കാക്കിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ ഭാഗമായി ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ചുടുകാട് 16 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, ചന്ദനക്കാവ് 12 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി എന്നിവയുടെ നിർമ്മാണമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് പൂർത്തീകരിക്കുന്നതോടെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സോൺ 8 ൽ ഉൾപ്പെട്ട ഇരവുകാട് (30), കുതിരപ്പന്തി (38), ബീച്ച (41), ഗുരുമന്ദിരം (39), വാടക്കൽ (40) എന്നീ വാർഡുകളിലെ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും. ചന്ദനക്കാവ് 12 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി പൂർത്തീകരിക്കുന്നതോടെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സോൺ 9 ൽ ഉൾപ്പെട്ട |

| | | | | |
|---|---|---|---|---|
| | | | | കൈതവന (11), പഴവീട് (12), കളർകോട് (10), പള്ളാത്തുരുത്തി (9), തിരുവമ്പാടി (27), ഹൗസിംഗ് കോളനി (28), സനാതനപുരം (29) എന്നീ വാർഡുകളിലെ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും പ്രസ്തുത പ്രവൃത്തി 2024 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.<br>2. <u>പാക്കേജ്-8:-</u> ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സോൺ 7 മേഖലകളിലെ വിതരണ ശൃംഖലയുടെ നവീകരണവും, റെയിൽവേ ക്രോസ്സിംഗും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 25, 31, 32, 33, 34, 35, 36, 37, 42, 43, 44 എന്നീ വാർഡുകളിലെ വിതരണ ശൃംഖല നവീകരിക്കാനാകും.<br>3. <u>പാക്കേജ്-9:</u>- ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സോൺ 8 മേഖലകളിലെ വിതരണ ശൃംഖലയുടെ നവീകരണവും, റെയിൽവേ ക്രോസ്സിംഗും പ്രവൃത്തികൾ. പൂർത്തീകരിക്കുന്നതോടെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 30, 38, 39, 40, 41 എന്നീ വാർഡുകളിലെ വിതരണ ശൃഖല നവീകരിക്കാനാകും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| പാക്കേജ് | പദ്ധതി വിവരണം | പദ്ധതി പുരോഗതി |
|---|---|---|
| പാക്കേജ്- 1 | ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ചാത്തനാട് 16 LL സംഭരണശേഷിയുള്ള OHSR ഉം 5 LL സംഭരണ ശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും, വടികാട് ഭാഗത്ത് 16 LL സംഭരണശേഷിയുള്ള OHSR ഉം 3 LL സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ 12 LL സംഭരണശേഷിയുള്ള OHSR ഉം 3 LL സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും ഇതിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (2.6 കി.മീ.) ഉം അനുബന്ധ മോട്ടോറുകളും പമ്പുകളും കൂടാതെ ഓപ്പറേറ്റർമാർക്കുള്ള കോർട്ടേഴ്സും കലവൂർ സർവ്വോദയപുരം ഭാഗത്തെ റെയിൽവേ ക്രോസ്സിംഗും ഈ പാക്കേജിൽ ഉൾപ്പെടുന്നു. | ടി പാക്കേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 25.11..2023 ൽ ടി പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| പാക്കേജ്- 2 | ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ വരുന്ന ചുടുകാട്, ചന്ദനക്കാവ്, എന്നീ ഭാഗങ്ങളിൽ യഥാക്രമം 16 LL, 12 LL, സംഭരണശേഷിയുള്ള ഉന്നതതല ജല സംഭരണികളുടെ നിർമ്മാണമാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.. | പ്രവർത്തനങ്ങൾ 04.08.2023 ൽ ആരംഭിച്ചു. 13.04.2024 ൽ പൂർത്തീകരിക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു. |
| പാക്കേജ്- 3 | മണ്ണഞ്ചേരി പഞ്ചായത്തിൽ 12 LL സംഭരണശേഷിയുള്ള OHSR ഉം 3 LL സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും ഇവയിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും, അനുബന്ധ മോട്ടോറുകളും പമ്പുകളും 103 കി.മി ശൃംഖലകളുടെ വിപുലീകരണവും ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട് | ടെണ്ടർ ക്ഷണിച്ചു. ഒരു ഓഫർ ലഭിച്ചു, പ്രീക്വാളിഫിക്കേഷൻ നടപടികൾ പുരോഗമിക്കുന്നു. |
| പാക്കേജ്- 4 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സോൺ 1 മേഖലകളിലെ വിതരണ ശൃംഖലയുടെ നവീകരണവും, റെയിൽവേ ക്രോസ്സിംഗും പ്രവൃത്തികൾ. | പുതുക്കിയ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി നടപടി സ്വീകരിച്ചു വരുന്നു. |
| പാക്കേജ് - 5 | മാരാരിക്കുളം തെക്ക് വിതരണ ശൃംഖലയുടെ (101 കി.മി) നവീകരണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. | ഈ പ്രവൃത്തി നിരവധി തവണ ടെണ്ടർ ചെയ്തിരുന്നെങ്കിലും ആരും തന്നെ പങ്കെടുത്തിരുന്നില്ല. ആയതിനാൽ റീ ടെണ്ടർ ചെയ്തിരിക്കുകയാണ് |
| പാക്കേജ് - 6 | ആര്യാട് പഞ്ചായത്തിൽ 9 LL സംഭരണശേഷിയുള്ള ജലസംഭരണിയും 19 | ടെണ്ടർ ക്ഷണിച്ചതിൽ ഒരു ഓഫർ ലഭിച്ചു, പ്രീ ക്വാളിഫിക്കേഷൻ |

| | | |
|---|---|---|
| | കി.മി വിതരണ ശൃംഖലയുമാണ് ഈ പ്രവൃത്തിയിലുള്ളത്. | നടപടികൾ പുരോഗമിക്കുന്നു. |
| പാക്കേജ് - 7 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സോൺ 2 മേഖലകളിലെ വിതരണ ശൃംഖലയുടെ നവീകരണ പ്രവൃത്തികൾ | പുതുക്കിയ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി നടപടി സ്വീകരിച്ചു വരുന്നു. |
| പാക്കേജ് - 8 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സോൺ 7 മേഖലകളിലെ വിതരണ ശൃംഖലയുടെ നവീകരണവും, റെയിൽവേ ക്രോസ്സിംഗും പ്രവൃത്തികൾ | പുതുക്കിയ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി നടപടി സ്വീകരിച്ചു വരുന്നു. |
| പാക്കേജ് - 9 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സോൺ 8 മേഖലകളിലെ വിതരണ ശൃംഖലയുടെ നവീകരണവും, റെയിൽവേ ക്രോസ്സിംഗും പ്രവൃത്തികൾ | പുതുക്കിയ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്കായി നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**